(ബി) മത്സ്യം, മാംസം എന്നിവ കേരളത്തിനകത്ത് ഉൽപ്പാദിപ്പിച്ചവയോ സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവന്നതോ ആയവ യാതൊരുവിധ സംസ്കരണത്തിനും വിധേയമാക്കാത്തതും ഭക്ഷണയോഗ്യമാക്കി പായ്ക്ക് ചെയ്തിട്ടില്ലാത്തവയുമാണെങ്കിൽ മൂല്യവർദ്ധിത നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സംസ്കരണം നടത്തി ഭക്ഷ്യയോഗ്യമാക്കി പായ്ക്ക് ചെയ്തിട്ടുള്ളവയാണെങ്കിൽ കോഴിയിറച്ചി ഒഴികെയുള്ളവയ്ക്ക് 4 ശതമാനം നികുതി നൽകേണ്ടതാണ്. എന്നാൽ കോഴി, കോഴിയിറച്ചി എന്നിവയ്ക്ക് മൂല്യവർദ്ധിത നികുതി നിയമപ്രകാരം 12.5 ശതമാനം നികുതി നിരക്കാണ് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന കോഴി, കോഴിയിറച്ചി എന്നിവയ്ക്ക് ചെക്പോസ്റ്റിൽ 12.5 ശതമാനം പ്രവേശന നികുതി നൽകേണ്ടതുണ്ട്. മൂല്യവർദ്ധിത നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത വ്യാപാരിയാണെങ്കിൽ ആ വ്യാപാരിക്ക് പ്രതിമാസ റിട്ടേൺ പ്രകാരം അടയ്ക്കുവാനുള്ള നികുതിയിൽ പ്രവേശന നികുതി പ്രകാരം അടച്ച തുക സ്പെഷ്യൽ റിബേറ്റ് ആയി കിഴിവ് നൽകുന്നതാണ്.

(സി) മൂല്യവർദ്ധിത നികുതി നിയമ പ്രകാരം കോഴിക്കും, കോഴിയിറച്ചിക്കും 12.5 ശതമാനം നികുതിയാണ്. കൂടാതെ കോഴിയും, കോഴിയിറച്ചിയും അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്ത് കൊണ്ടുവരുമ്പോഴും മേൽ കാണിച്ച നിരക്കിൽ പ്രവേശന നികുതിയും നൽകേണ്ടതുണ്ട്. ഇത് പ്രകാരം നൽകിയ പ്രവേശന നികുതി വ്യാപാരിക്ക് പ്രതിമാസ റിട്ടേൺ പ്രകാരം അടയ്ക്കുവാനുള്ള നികുതിയിൽ സ്പെഷ്യൽ റിബേറ്റായി നൽകുന്നതാണ്. മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി ഒഴിവാക്കപ്പെട്ട പട്ടികയിലാണ് മുട്ട ഉൾപ്പെടുത്തിയിട്ടുള്ളത്.

കോഴി ഇറക്കുമതി നികുതി വെട്ടിപ്പ് തടയാൻ നടപടി

38 [2647] ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് ഇറച്ചിക്കോഴികളെ കൊണ്ടുവരുന്നവർ നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതുദേശം എത്ര ഇറച്ചിക്കോഴികളെ കൊണ്ടുവരുന്നു എന്നും അതുവഴി എത്ര രൂപ നികുതി ഇനത്തിൽ കഴിഞ്ഞ നാലു സാമ്പത്തിക വർഷത്തിൽ ഓരോന്നിലും ലഭിച്ചിട്ടുണ്ട് എന്നുമുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കോഴി ഇറക്കുമതി ചെയ്യുന്നവർ നികുതി വെട്ടിപ്പ് നടത്തുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊണ്ടുവന്ന ഇറച്ചിക്കോഴികളുടെ എണ്ണം ലഭ്യമല്ല. കഴിഞ്ഞ നാലു സാമ്പത്തിക വർഷത്തിലോരോന്നിലും ലഭിച്ച നികുതി വരുമാനത്തിന്റെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	ഏകദേശ നികുതി വരുമാനം
2001–2002	12.80 കോടി രൂപ
2002–2003	20.32 ,,
2003–2004	20.94 ,,
2004–2005	26.40 ,,

(സി) നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ഇറച്ചിക്കോഴിയെ പ്രവേശന നികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനവും ശക്തമാക്കിയിട്ടുണ്ട്.

പുതിയ ട്രഷറി സ്ഥാപിക്കാൻ നടപടി

39 [2648] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ട്രഷറികൾ ഉണ്ട്;

(ബി) നടപ്പു സാമ്പത്തിക വർഷം പുതുതായി ട്രഷറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയൊക്കെ;

(ഡി) ഇനി എവിടെയെങ്കിലും ഇവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 23 ജില്ലാ ട്രഷറികൾ ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ 189 ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കണ്ണൂർ ജില്ലയിലെ ആലക്കോട്, മലപ്പുറം ജില്ലയിലെ വണ്ടൂർ, തൃശ്ശൂർ ജില്ലയിലെ മണലൂർ, ആലപ്പുഴ ജില്ലയിലെ മാന്നാർ, കൊല്ലം ജില്ലയിൽ ചവറ, ചടയമംഗലം, തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ എന്നിവിടങ്ങളിൽ (ആകെ 7).

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ലോട്ടറി നറുക്കെടുപ്പുകൾ വിവിധ സ്ഥലങ്ങളിൽ നടത്താൻ നടപടി

40 [2649] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നറുക്കെടുപ്പുകൾ അധികവും തിരുവനന്തപുരത്ത് തന്നെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly